## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 975 — 08.01.2014 ന് മറുപടിയ്ക്ക്

## ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിലെ ട്രേഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ് ; | (എ) സംസ്ഥാന സർക്കാരിൽ നിന്നുള്ള രണ്ടര കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ് കം അക്കാഡമിക്ക് ബ്ലോക്ക് കെട്ടിടവും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് പദ്ധതി പ്രകാരം 59 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടവും പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ 2 വർക്ക്ഷോപ്പ് കെട്ടിടങ്ങളും ട്രാൻസ്ഫോർമർ ഉൾപ്പെടെ ത്രീ ഫെയ്സ് കണക്ഷനും ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും, ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയിക്കാമോ; | (ബി) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ നിലവിലുള്ള ട്രേഡുകളും ഓരോ ട്രേഡിലും അഡ്മിഷൻ നൽകാവുന്ന ട്രെയിനികളുടെ എണ്ണവും താഴെക്കൊടുക്കുന്നു. |

| ക്രമ നമ്പർ | ട്രേഡിന്റെ പേര് | അഡ്മിഷൻ നൽകാവുന്ന ട്രെയിനികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 42 |
| 2 | ഡ്രസ്സ്മേക്കിംഗ് | 21 |
| 3 | പെയിന്റർ ജനറൽ | 21 |
| 4 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 21 |
| 5 | ഫിറ്റർ | 21 |
| 6 | വെൽഡർ | 16 |
| 7 | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 21 |
| 8 | സർവ്വേയർ | 21 |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചുവോ; എങ്കിൽ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ ; | (സി) താഴെ പറയുന്ന 5 ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) 2012 ആഗസ്റ്റ്<br>2. ഫിറ്റർ 2013 ആഗസ്റ്റ്<br>3. വെൽഡർ 2013 ആഗസ്റ്റ്<br>4. മെക്കാനിക് മോട്ടോർ വെഹിക്കിൾ 2013 ആഗസ്റ്റ്<br>5. സർവ്വേയർ 2013 ആഗസ്റ്റ് |
| (ഡി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ